(ബി) സർക്കാർ മുൻകൈ എടുത്ത് പ്രവാസികളുടെ വരുമാനം നിക്ഷേപിച്ച് പൊതുമേഖലാ സംരംഭങ്ങളും പദ്ധതികളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ നിലവിലുള്ള പ്രവാസി മലയാളികളുടെ നിക്ഷേപത്തിന്റെ കണക്കുകൾ താഴെപ്പറയുന്നു:

31-3-2012 - 48484 കോടി രൂപ

31-3-2013 - 66190 ,,

31-3-2014 - 93883 ,,

(ബി) പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപസാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി 'നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ' എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സ്വഴി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കുന്നതിനായി മറ്റൊരു പുതിയ പദ്ധതിക്കും (engaging diaspora for investment in the state) രൂപം നൽകിവരികയാണ്. കൂടാതെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.-യുമായി സഹകരിച്ച് പ്രവാസികൾ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ അഞ്ച് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

പ്രവാസി കലാകാരൻമാർക്ക് പുരസ്കാരങ്ങൾ

56 (7353) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി കലാകാരൻമാർക്ക് പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പുരസ്കാരങ്ങൾ നൽകുന്നതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ആയതിനുള്ള ധനം എങ്ങനെയാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. പ്രവാസി സാഹിത്യ പുരസ്കാരം, പ്രവാസി മാധ്യമ പുരസ്കാരം, സാമൂഹിക പുരസ്കാരം എന്നീ വിഭാഗങ്ങളിലായി നോർക്ക റൂട്ട്സ് പ്രവാസി പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിദേശത്തും മറ്റ് സംസ്ഥാനങ്ങളിലുമുള്ള പ്രവാസി മലയാളി എഴുത്തുകാരുടെ നിശ്ചിത വർഷങ്ങളിലെ മികച്ച നോവൽ, കഥ എന്നിവയാണ് പ്രവാസി സാഹിത്യ പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നത്. കൂടാതെ സംഗീത നാടക അക്കാദമിയിൽ 2012 മുതൽ പ്രവാസി പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രവാസി മാധ്യമപ്രവർത്തകർക്കും സാമൂഹിക പ്രവർത്തകർക്കും പ്രചോദനം നൽകുക, പ്രവാസി സാഹിത്യം പ്രോൽസാഹിപ്പിക്കുക എന്നീ ഉദ്ദേശ്യത്തോടെയാണ് നോർക്ക് റൂട്ട്സ് പ്രവാസി പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

പ്രവാസി കലാകാരൻമാർക്കിടയിൽ കലകളുടെ സ്വാധീനം വർദ്ധിപ്പിക്കുകയാണ് സംഗീത നാടക അക്കാദമി പുരസ്കാരങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത്. 15 വർഷമായി കേരള സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന കലാകാരൻമാരെയാണ് പ്രസ്തുത പുരസ്കാരങ്ങൾക്ക് തെരഞ്ഞെടുക്കുന്നത്.

(സി) നോർക്ക റൂട്ട്സിന്റെ സ്വന്തം ഫണ്ടും സംഗീത നാടക അക്കാദമി പദ്ധതി ഫണ്ടുമാണ് ഇതിനായി വിനിയോഗിക്കുന്നത്.

(ഡി) പ്രവാസി കലാകാരൻമാരുടെ കഴിവുകൾ കലാസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി സംഗീത നാടക അക്കാദമി പ്രവാസി കലോൽസവങ്ങളും പ്രവാസി നാടകോൽസവങ്ങളും സംഘടിപ്പിച്ചുവരുന്നുണ്ട്. നോർക്ക റൂട്ട്സ് എല്ലാ വർഷവും പുരസ്കാരങ്ങൾ നൽകാറുണ്ട്.

താഴെ പറയുന്ന മേഖലകളിലാണ് നോർക്ക റൂട്ട്സ് പ്രവാസി പുരസ്കാരങ്ങൾ നൽകിവരുന്നത്:

പ്രവാസി സാഹിത്യ പുരസ്കാരം - നോവൽ (വിദേശം)

പ്രവാസി സാഹിത്യ പുരസ്കാരം - നോവൽ (മറ്റ് സംസ്ഥാനങ്ങൾ)

പ്രവാസി സാഹിത്യ പുരസ്കാരം - കഥ (വിദേശം)

പ്രവാസി സാഹിത്യ പുരസ്കാരം - കഥ (മറ്റ് സംസ്ഥാനങ്ങൾ)

പ്രവാസി മാധ്യമ പുരസ്കാരം - പത്രം

പ്രവാസി മാധ്യമ പുരസ്കാരം - ദൃശ്യ/ശ്രവ്യ മാധ്യമം

പ്രവാസി സാമൂഹിക പുരസ്കാരം (വിദേശം) - 5 എണ്ണം

ലഭിക്കുന്ന എൻട്രികൾ/അപേക്ഷകൾ അതത് വിഭാഗത്തിന്റെ പ്രഗത്ഭരുൾപ്പെടുന്ന ജൂറികൾ രൂപീകരിച്ചാണ് അവാർഡ് നിർണ്ണയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly